# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY | 07 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com


---

**മകരവിളക്ക് കാലത്ത് സന്നിധാനം**
**സർക്കാർ ആശുപത്രി ചികിത്സയൊരുക്കിയത് 11434പേർക്ക്**

മകരവിളക്ക് തീർത്ഥാടന കാലത്ത് ശബരിമല സന്നിധാനം സർക്കാർ ആശുപത്രിയിൽ ഇതുവരെ ചികിത്സ തേടിയത് 11434പേർ.ഇതുവരെ 1680 പേർ ഹൃദയസംബന്ധമായ പ്രശ്നങ്ങളിൽ ചികിത്സ തേടിയിട്ടുണ്ടെന്നും സന്നിധാനം മെഡിക്കൽ ചാർജ് ഓഫീസർ അറിയിച്ചു.

ഹൃദയാഘാതം വന്നവരിൽ 20 വയസുമുതൽ 76 വയസുവരെയുള്ളവരുണ്ട്. പമ്പ മുതൽ ശബരിമല വരെയുള്ള ദീർഘദൂര കയറ്റം ആരോഗ്യമുള്ള ഒരാളിൽ പോലും വിവിധ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കിയേക്കാം. അതിനാൽ പ്രായമായവർക്കും കുട്ടികൾക്കും രോഗികൾക്കും വളരെ പെട്ടെന്ന് ആരോഗ്യ പ്രശ്നങ്ങളുണ്ടാകാൻ സാധ്യതയുള്ളതിനാൽ ആരോഗ്യ വകുപ്പ് നൽകുന്ന നിർദേശങ്ങൾ പാലിക്കണം. എല്ലാ പ്രായത്തിലുമുള്ള തീർത്ഥാടകരും സാവധാനം മലകയറണം. 45 വയസിന് മുകളിലുള്ള എല്ലാ തീർഥാടകരും പ്രത്യേകിച്ച് പാരമ്പര്യമായി ഹൃദയ സംബന്ധമായ പ്രശ്നങ്ങളോ രക്താതിമർദ്ദമോ ഉള്ളവർ മലകയറുന്നതിന് മുമ്പ് വൈദ്യ പരിശോധനയ്ക്ക് വിധേയരാകണം. സ്ഥിരമായി മരുന്ന് കഴിക്കുന്ന തീർത്ഥാടകർ വ്രതത്തിന്റെ ഭാഗമായി മരുന്നുകൾ കഴിക്കുന്നത് നിർത്തരുത്. ആസ്ത്മ രോഗികളും അലർജിയുമായി ബന്ധപ്പെട്ട ശ്വസന പ്രശ്നങ്ങൾ അനുഭവിക്കുന്നവരും മലകയറുമ്പോൾ കൂടുതൽ ശ്രദ്ധിക്കണമെന്നും സന്നിധാനം മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചു.

(പി.ആർ. ശബരി–305)

## സന്നിധാനത്ത് ഊർജിത പരിശോധനയുമായി എക്സൈസ് വകുപ്പ്

ശബരിമല മകരവിളക്ക് തീർത്ഥാടന കാലത്ത് സന്നിധാനത്ത് എക്സൈസ് റെയ്ഡിൽ 33 കേസുകളിലായി 6,1200രൂപ പിഴയീടാക്കി. 2019 ഡിസംബർ 30 മുതൽ ജനുവരി ഏഴുവരെയുള്ള കണക്കനുസരിച്ചാണിത്. ഭൂരിഭാഗവും കോട്പ (സിഗരറ്റ്സ് ആൻഡ് അദർ ടൊബാക്കോ പ്രോഡക്റ്റ്സ് ആക്ട്) നിയമപ്രകാരമുള്ള കേസുകളാണ്. സന്നിധാനത്ത് ഇതുവരെ 36 കോട്പാ കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പിടിച്ചെടുത്ത ലഹരിവസ്തുക്കൾ നശിപ്പിച്ചായി എക്സൈസ് വകുപ്പ് അധികൃതർ അറിയിച്ചു. സന്നിധാനത്തും പരിസരപ്രദേശങ്ങളിലും നടത്തിയ വിവിധ പരിശോധനകളിൽ അഞ്ച്കിലോ പുകയില ഉൽപ്പന്നങ്ങളാണ് പിടിച്ചെടുത്തത്.

സന്നിധാനം, കൊപ്രാക്കളം, പാണ്ടിത്താവളം എന്നിവിടങ്ങളിൽ പുകയില/ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സന്നിധാനം എക്സൈസ് ഇൻസ്പെക്ടർ ടി എൻ സുധീറിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന. വരും ദിവസങ്ങളിലും എക്സൈസ് വകുപ്പിന്റെ പരിശോധന തുടരുമെന്ന് അദ്ദേഹം പറഞ്ഞു.

(പി.ആർ. ശബരി–306)

## ശാസ്താവിന് ഗാനാർച്ചനയുമായി ശാസ്താ ദാസൻ

തമിഴ് ഭക്തിഗാന രംഗത്ത് പ്രശസ്തനായ ശാസ്താ ദാസനും സംഘവും അയ്യപ്പസ്വാമിക്ക് അർച്ചനയായി സംഗീത പരിപാടി അവതരിപ്പിച്ചു. സന്നിധാനം വലിയ നടപ്പന്തലിലെ ഓഡിറ്റോറിയത്തിൽ രണ്ടര മണിക്കൂർ തുടർച്ചയായി പാടിയ അദ്ദേഹം 'പള്ളിക്കെട്ട് ശബരിമലയ്ക്ക്' എന്ന പ്രശസ്ത ഭക്തി ഗാനം ആലപിച്ച വീരമണിയുടെ അടുത്ത ബന്ധുവാണ്.

മണ്ഡല മകരവിളക്ക്  ഉൽസവത്തിനായി നട തുറന്നതിനു ശേഷം സംഗീത സാന്ദ്രമാണ് ശബരിമല. പ്രശസ്തരും അല്ലാത്തവരുമായി നിരവധി പേരാണ് സന്നിധാനത്തെ വലിയ നടപ്പന്തലിലെ സ്റ്റേജിൽ സംഗീതമവതരിപ്പിക്കുന്നത്.

(പി.ആർ. ശബരി–307)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി / JANUARY | 07 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.sabarimala.kerala.gov.in, prdsabarimala2020@gmail.com

---

### മകരവിളക്ക്: വനം വകുപ്പ് അൻപത് ഉദ്യോഗസ്ഥരെ കൂടുതലായി നിയോഗിക്കും-മന്ത്രി കെ രാജു

മകരവിളക്കിനോട് അനുബന്ധിച്ച് തീർഥാടകരുടെ തിരക്ക് വർധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് കാനനപാതയിൽ ഭക്തരെ സഹായിക്കാൻ 50 അധിക ഉദ്യോഗസ്ഥരെകൂടി വനം വകുപ്പ് നിയോഗിക്കുമെന്ന് മന്ത്രി കെ. രാജു പറഞ്ഞു. ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് പമ്പ ഫോറസ്റ്റ് ഡോർമെറ്ററിയിൽ ചേർന്ന അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. കാനനപാതയിൽ കാട്ടാനയുടെ അക്രമണത്തിൽ മരിച്ച തമിഴ്നാട് സ്വദേശിയായ അയ്യപ്പഭക്തന്റെ കുടുംബത്തിന് വനം വകുപ്പ് പത്ത് ലക്ഷം രൂപാ നൽകും. മികച്ച സേവനമാണ് വനംവകുപ്പിന്റെ നേതൃത്വത്തിൽ തീർഥാടകർക്കായി നൽകി വരുന്നത്.

വനം മേഖലയെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിൽ ഏറെ മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട്. കാനനപാതയിൽ ഇടത്താവളങ്ങൾ ഒരുക്കി തീർഥാടകർക്ക് വന്യമൃഗങ്ങളിൽ നിന്ന് സുരക്ഷ ഒരുക്കിയിട്ടുണ്ട്. ശബരിമല തീർഥാടകർക്കായി ചുക്കുവെള്ള വിതരണവും, മെഡിക്കൽ ക്യാമ്പും നടത്തുന്നുണ്ട്. ദേവസ്വം, പോലീസ് തുടങ്ങി വിവിധ വകുപ്പുകളുമായി ചേർന്ന് മികച്ച പ്രവർത്തനമാണ് വനംവകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നത്. ഇത് കൂടുതൽ ഊർജിതമായി വരും ദിവസങ്ങളിൽ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

കേരളാ ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ,തിരുവിതാംകൂർ ദേവസ്വം

ബോർഡ് കമ്മീഷണർ ബി എസ് തിരുമേനി, കോട്ടയം പ്രോജക്ട് ടൈഗർ ഫീൽഡ് ഡയറക്ടർ കെ ആർ അനൂപ്, ഫോറസ്റ്റ് ചീഫ് കൺസർവേറ്റർ വിജയാനന്ദ്, ഡെപ്യൂട്ടി ഡയറക്ടർ സി കെ ഹാബി, ഡിഎഫ്ഒമാരായ എം ഉണ്ണികൃഷ്ണൻ, കെ എൻ ശ്യാം മോഹൻലാൽ, വൈ വിജയൻ, വനം വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

(പി.ആർ. ശബരി–308)

## ഭക്തിലഹരിയിൽ ആറാടിച്ച് എക്സൈസ് അയ്യപ്പൻമാരുടെ ഭക്തിഗാനസുധ

ഭക്തിലഹരിയിൽ ആറാടിച്ച് സന്നിധാനത്ത് എക്സൈസ് അയ്യപ്പൻമാരുടെ ഭക്തിഗാനസുധ നടന്നു. വലിയ നടപ്പന്തലിലെ ശാസ്താ ഓഡിറ്റോറിയത്തിൽ സർക്കിൾ ഇൻസ്പെക്ടർ എം എൻ ശിവപ്രസാദിന്റെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥരാണ് ഭക്തിഗാനങ്ങൾ ആലപിച്ചത്. കാക്കിക്കുള്ളിലെ സംഗീതം അയപ്പസ്വാമിക്കായി സമർപ്പിച്ചപ്പോൾ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് എത്തിയ അയ്യപ്പ ഭക്തർക്കും കൗതുകമായി. എക്സൈസ് പ്രിവന്റീവ് ഉദ്യോഗസ്ഥരായ സത്യൻ, മധു,സുമേഷ്, സാബുലാൽ, ശ്രീകുമാർ, സജിമോൻ, രാജേന്ദ്രൻ, മധു, സിവിൽ എക്സൈസ് ഓഫീസർമാരായ സുമേഷ്, സത്യരാജൻ, രതീഷ്, ദേവദാസ്, അരുൺ രാജ് എന്നിവരടങ്ങുന്ന പതിമൂന്നംഗ സംഘമാണ് ഭക്തിഗാനസുധ അവതരിപ്പിച്ചത്.
ആറാം വർഷമാണ് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ സന്നിധാനത്ത് ഭക്തിഗാനസുധ നടത്തുന്നത്. 2012 ലാണ് ആദ്യം ഭക്തിഗാനസുധ എക്സൈസ് വകുപ്പ് അവതരിപ്പിച്ചത്.

(പി.ആർ. ശബരി–309)

## ശബരിമല നാളത്തെ (08-01-2020) ചടങ്ങുകൾ

| | |
|---|---|
| പുലർച്ചെ 2.45 ന് | പള്ളിയുണർത്തൽ |
| 3 മണിക്ക് | തിരുനട തുറക്കൽ |
| 3.05 ന് | നിർമ്മാല്യ ദർശനം |
| 3.10 ന് | അഭിഷേകം |
| 3.15 മുതൽ 7 മണി വരെ | നെയ്യഭിഷേകം |
| 3.30 ന് | ഗണപതിഹോമം |
| 7.30 ന് | ഉഷപൂജ |
| 8 മണി മുതൽ 11.15 വരെ നെയ്യഭിഷേകം തുടരും | |
| 11.45ന് | കലശാഭിഷേകം |
| 12 മണിക്ക് | കളഭാഭിഷേകം |
| 12.30ന് | ഉച്ചപൂജ |
| 1 മണിക്ക് | നട അടയ്ക്കും |
| വൈകിട്ട് 4 മണിക്ക് | തിരുനട തുറക്കൽ |
| 6.30ന് | ദീപാരാധന |
| 7 മണിക്ക് | പുഷ്പാഭിഷേകം |
| 9.30 ന് | അത്താഴപൂജ |

രാത്രി 10.50 ന് ഹരിവരാസനം പാടി 11 മണിക്ക് നട അടയ്ക്കും

**ഫോട്ടോ അടിക്കുറിപ്പ്**

ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് പമ്പ ഫോറസ്റ്റ് ഡോർമെറ്ററിയിൽ ചേർന്ന അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ച് വനം വകുപ്പ് മന്ത്രി കെ. രാജു സംസാരിക്കുന്നു

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.